**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **23-08-2022 - ൽ മറുപടിയ്ക്ക്**

**എ. കെ. ജി. സെന്റർ സ്ഫോടകവസ്തു ആക്രമണകേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022 ജൂൺ 30 -ന് എ. കെ. ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവത്തിലെ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | 30.06.2022-ൽ രാത്രി 11.20 മണിക്ക് എ.കെ.ജി. സെന്ററിന്റെ ഗേറ്റിലേയ്ക്ക് കുന്നുകുഴി ഭാഗത്തു നിന്നും സ്കൂട്ടറിൽ വന്ന് സ്ഫോടക വസ്തു എറിഞ്ഞിട്ട് കടന്നു കളഞ്ഞ സംഭവം സംബന്ധിച്ച് Contonment Police Station ക്രൈം നമ്പർ 721/2022, U/s 436 IPC and Sec. 3 (a) of explosive Substance Act 1908 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.തുടർന്ന് കേസിൽ ഊർജ്ജിതാന്വേഷണം നടത്തുന്നതിനായി ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കേസ് ക്രൈം ബ്രാഞ്ചിൽ Crime No. 117/CB/TVM/R/2022 ആയി റീ-രജിസ്റ്റർ ചെയ്ത് വിദഗ്ധ അന്വേഷണ സംഘം രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത സംഭവത്തിന്റെ സി. സി. ടി. വി. ദൃശ്യങ്ങൾ ലഭ്യമായ സാഹചര്യത്തിൽ ആയത് കേന്ദ്രീകരിച്ചുകൊണ്ട് അന്വേഷണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സംഭവത്തിന്റെ ലഭ്യമായ സി. സി. ടി. വി. ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് സമഗ്രമായ അന്വേഷണം നടത്തി വരുന്നു. |
| (സി) | പ്രതികൾ ഭരണപക്ഷ അനുഭാവികൾ ആയതുകൊണ്ട് പോലീസ് കേസ് അന്വേഷണം അട്ടിമറിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ